**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3881** **09-10-2025 - ൽ മറുപടിയ്ക്ക്**

**ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിത വേഗം മൂലമുണ്ടാകുന്ന അപകടങ്ങൾ കുറക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2023 ജൂൺ മാസം മുതലാണ് AI ക്യാമറ സ്ഥാപിച്ചത്. അപകടം മൂലം ഉണ്ടായ മരണ നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.<br><br>വേഗത നിയന്ത്രിക്കുന്നതിന് സ്പീഡ് ബ്രേക്കർ/ ഡിവൈഡർ എന്നിവ സ്ഥാപിക്കുകയും, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ കർശനമായ റോഡ് പരിശോധന നടത്തി വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് കർശനമായി നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് മോട്ടോർ വാഹന വകുപ്പ് കർശനമായി നിരീക്ഷിക്കുകയും, ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. 17/09/25 ൽ “ No key for kids” എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് സംസ്ഥാനത്ത് ഉടനീളം നടത്തി. കൂടാതെ നവമാധ്യമങ്ങൾ വഴി ബോധവത്കരണവും സ്കൂളുകൾ വഴി ബോധവത്കരണ ക്ലാസുകളും നൽകി വരുന്നു. |
| (സി) | സംസ്ഥാനത്ത് ഇറക്കുമതി ചെയ്ത വിദേശനിർമ്മിത വാഹനങ്ങൾ ഇൻഷ്വറൻസ്, ഫിറ്റ്നസ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ ഉപയോഗിക്കപ്പെടുന്നുവെന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് ഇറക്കുമതി ചെയ്ത വിദേശ നിർമ്മിത വാഹനങ്ങൾ ഉൾപ്പെടെ എല്ലാ വാഹനങ്ങളും ഇൻഷ്വറൻസ്, ഫിറ്റ്നസ്, പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഇല്ലാതെ നിരത്തിൽ ഇറങ്ങുന്നത് തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ് കർശനമായ പരിശോധനകൾ നടത്തി വരുന്നു. ഇപ്രകാരമുള്ള നിയമലംഘനങ്ങൾ കണ്ടെത്തുന്ന |

| | | | |
|---|---|---|---|
| | | | വേളയിൽ നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഡി) | ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രസ്തുത നിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയും ബോധവത്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ